6701/എഫ്/2013/കെ.എസ്സ്.എച്ച്.ഒ 17...08..2015

# സർക്കുലർ

വിഷയം :- എൻ.യു.എൽ.എം - നഗരതലത്തിൽ റിസോഴ്സ് ഓർഗനൈസേഷനുകളുടെ (ആർ.ഒ) - നിയമനം, ചുമതല എന്നിവ സംബന്ധിച്ച്.

സൂചന:- എൻ.യു.എൽ.എം.ന്റെ എസ്.എം&ഐഡിയ്ക്കായുള്ള മാർഗ്ഗ രേഖയുടെ 14-ാമത്തെയും 17-ാമത്തെയും ഖണ്ഡിക

ദേശീയ നഗര ഉപജീവന മിഷന്റെ പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നഗര ദരിദ്രർക്കിടയിൽ അടിത്തട്ടിലുള്ള സാമൂഹ്യ സംഘാടനത്തിനും കാര്യശേഷി വികസനത്തിനുമായി, ദാരിദ്ര്യ നിർമ്മാർജ്ജനത്തിലും ജനസംഘാടനത്തിലും പ്രാവിണ്യം തെളിയിച്ചിട്ടുള്ള വിദഗ്ദ്ധ ഏജൻസികളെ റിസോഴ്സ് ഓർഗനൈസേഷനുകളായി നിയമിക്കാവുന്നതാണ്.

കേരളത്തിൽ കുടുംബശ്രീ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി ഡവല്മെന്റ് സൊസൈറ്റി (സിഡിഎസ്) കളെ അവയുടെ പ്രവൃത്തി പരിചയവും അതാത് പ്രദേശങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങളുമായുള്ള ബന്ധം, നിലവിലുള്ള സ്ഥാപന സംവിധാനങ്ങൾ എന്നിവ പരിഗണിച്ച് ദേശീയ നഗര ഉപജീവനമിഷന്റെ കീഴിൽ അതതു നഗരസഭകളിലെ റിസോഴ്സ് ഓർഗനൈസേഷനുകളായി നിയമിക്കുവാൻ സംസ്ഥാന കുടുംബശ്രീ മിഷൻ തീരുമാനിച്ചിട്ടുണ്ട്.

ദരിദ്ര ജനവിഭാഗങ്ങളെ സ്വയംസഹായ സംഘങ്ങളായി സംഘടിപ്പിക്കുകയും, ഇത്തരം സംഘങ്ങളുടെ കാര്യശേഷി വികസനത്തിനും, പ്രവർത്തന ലക്ഷ്യങ്ങൾ നേടുന്നതിനും ദീർഘകാലാടിസ്ഥാനത്തിലുള്ള പിന്തുണയും, കൈത്താങ്ങലും നൽകുക എന്നതാണ് റിസോഴ്സ് ഓർഗനൈസേഷനുകളുടെ നിയമനംകൊണ്ട് ഉദ്ദേശ്യിക്കുന്നത്. ഒന്നിൽക്കൂടുതൽ റിസോഴ്സ് ഓർഗനൈസേഷനുകൾ ഉള്ളപക്ഷം അവരവരുടെ ഭൂമിശാസ്ത്രപരമായ പ്രവർത്തന മേഖലകളിൽ ഓരോ റിസോഴ്സ് ഓർഗനൈസേഷനും പ്രവർത്തിക്കേണ്ടതാണ്. സ്വയംസഹായ സംഘങ്ങൾ, ഏരിയാ തല ഫെഡറേഷനുകൾ എന്നിവയുടെയും നഗരസഭയുടെയും ഇടയിൽ മധ്യവർത്തിയായി പ്രവർത്തിക്കുക, നഗരസഭ കൈക്കൊള്ളുന്ന നയപരമായ തീരുമാനങ്ങൾ സംഘങ്ങൾ വഴി നടപ്പിലാക്കുക, സംഘങ്ങളുടെ വിവിധ

പ്രശ്നങ്ങൾ നഗരസഭാതലത്തിൽ തീരുമാനമെടുക്കുന്നതിനായി നഗരസഭാ സെക്രട്ടറി, സി.പി.ഒ എന്നിവരുടെ ശ്രദ്ധയിൽ കൊണ്ടുവരിക എന്നീ ചുമതലകൾ ഇവർ നിർവ്വഹിക്കേണ്ടതാണ്. റിസോഴ്സ് ഓർഗനൈസേഷനുകളുടെ മറ്റ് ഉത്തരവാദിത്തങ്ങളും കടമകളും താഴെപറയും പ്രകാരമാണ്.

1. സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റിലെ വിദഗ്ധർ, കമ്മ്യൂണിറ്റി ഓർഗനൈസർമാർ എന്നിവോരോടൊത്ത് ചേർന്ന്, അടിസ്ഥാന തലത്തിൽ ദരിദ്രജനവിഭാഗങ്ങളെ സംഘടിപ്പിച്ച് സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക.

2. പ്രവർത്തനരഹിതമായിരിക്കുന്നതും, പിന്നോക്കം നിൽക്കുന്നതുമായ അയൽക്കൂട്ടങ്ങളെ പുന:രുജ്ജീവിപ്പിച്ച് സ്വയംസഹായ സംഘങ്ങൾകൊണ്ട് ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുവാൻ പ്രാപ്തരാക്കുക.

3. സ്വയംസഹായ സംഘങ്ങൾ, ഏരിയാതലത്തിലുള്ള ഫെഡറേഷനുകൾ, പദ്ധതിയുടെ നിർദ്ദിഷ്ട ഗുണഭോക്താക്കൾ, പദ്ധതിയുമായി ബന്ധപ്പെടുന്ന മറ്റ് കക്ഷികൾ എന്നിവർക്കായുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക.

4. സ്വയംസഹായ സംഘങ്ങളുടെയും, ഏരിയാതലത്തിലുള്ള ഫെഡറേഷനുകളുടെയും ചിട്ടയായ പ്രവർത്തനത്തിനുള്ള കൈതാങ്ങലും പിന്തുണയും നൽകുക.

5. ദേശീയ നഗര ഉപജീവനമിഷന്റെ വിവിധ പദ്ധതികളെക്കുറിച്ച്, സ്വയംസഹായ സംഘങ്ങളിലെ അംഗങ്ങൾക്കും, ഗുണഭോക്താക്കളാകാൻ അർഹതയുള്ള മറ്റുള്ളവർക്കും അറിവ് നൽകുകയും ഗുണഫലങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

6. സ്വയം സഹായ സംഘങ്ങൾക്കും ഏരിയാ ഫെഡറേഷനുകൾക്കും റിവോൾവിംഗ് ഫണ്ട് സ്കീം നടത്തുന്നതിനുവേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും, അത് ശരിയായ രീതിയിൽ നടക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

7. ദേശീയ നഗരഉപജീവന മിഷനു കീഴിലുള്ള പദ്ധതികൾ സംബന്ധിച്ച് വിവരവിനിമയത്തിനും പ്രചാരണത്തിനും ഗുണഭോക്താക്കളെ സംഘടിപ്പിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ സിറ്റിമിഷൻ മാനേജ്മെന്റ് യൂണിറ്റിന് ചെയ്തുകൊടുക്കുക.

റിസോഴ്സ് ഓർഗനൈസേഷന് പ്രവർത്തിക്കുന്നതിനുള്ള ഫണ്ട് നൽകുന്നത്, ചുമതലപ്പെടുത്തിയ വിവിധ പ്രവർത്തനങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ (വിവിധ നാഴികകല്ലുകൾ) കൈവരിക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും.

ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും, അത് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പിന്നാലെ പുറപ്പെടുവിക്കുന്നതായിരിക്കും.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

To,
എല്ലാ നഗരസഭാ ചെയർമാൻമാർക്കും/ കോർപ്പറേഷൻ മേയർമാർക്കും
എല്ലാ നഗരസഭ സെക്രട്ടറിമാർക്കും/കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും
എല്ലാ സിറ്റി പ്രോജക്ട് ഓഫീസർമാർക്കും

പകർപ്പ്
എല്ലാ സിഡിഎസ് പ്രസിഡന്റ്മാർക്കും
കരുതൽ ശേഖരം
ബന്ധപ്പെട്ട ഫയൽ

അംഗീകാരത്തോടെ,

**പ്രോഗ്രാം ഓഫീസർ (അർബൻ)**